# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.276** **01/12/2014 ൽ മറുപടിക്ക്**

## മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി)** | |
| (എ) | ഈ മന്ത്രിസഭയിലെ എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ ? | (എ) യും (ബി) യും | ഈ മന്ത്രിസഭയിലെ 3 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.<br>1) <u>ശ്രീ.അടൂർ പ്രകാശ് (ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രി</u><br><br>ശ്രീ.അടൂർ പ്രകാശ്, സെപ്റ്റംബർ 2004 മുതൽ മെയ് 2006 വരെ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടതായ ആരോപണവുമായി ബന്ധപ്പെട്ട് വി.സി.2/2008/എൻ.ആർ.കെ. എന്ന നമ്പരിലുള്ള വിജിലൻസ് കേസ് നിലവിലുണ്ട്. ഈ കേസിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു.<br><br>2)<u>ശ്രീ.പി.ജെ.ജോസഫ് (ബഹുമാനപ്പെട്ട ജലസേചന വകുപ്പ് മന്ത്രി)</u><br><br>ശ്രീ.പി.ജെ.ജോസഫ് 1997-ൽ റവന്യൂ വകുപ്പ് മന്ത്രി ആയിരിക്കെ ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗികസ്ഥാനം ദുരുപയോഗപ്പെടുത്തി ഗ്രീൻ ബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കിജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നല്കുക വഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കി എന്ന ആരോപണവുമായി ബന്ധപ്പെട്ട് വി.സി.5/2012/ഇ.ആർ.കെ., വി.സി.6/2012/ഇ.ആർ.കെ. എന്നീ നമ്പറുകളിൽ രണ്ട് വിജിലൻസ് കേസുകൾ നിലവിലുണ്ട്. പ്രസ്തുത കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.<br><br>3) <u>ശ്രീ.എം.കെ.മുനീർ (ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹികക്ഷേമവും വകുപ്പ് മന്ത്രി)</u><br><br>ശ്രീ.എം.കെ.മുനീർ ഇന്ത്യാവിഷൻ ചാനലിന് അനധികൃതമായി 3 കോടി രൂപ ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട് VC 1/09/SIU-I അന്വേഷണം പൂർത്തിയാക്കി. കേസിൽ തെളിവുകൾ ഒന്നും ഇല്ല എന്ന കാരണത്താൽ (mistake of facts) ആയി പരിഗണിക്കുവാൻ കോടതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. കോടതിയുടെ ഉത്തരവ് ലഭിച്ചിട്ടില്ല. |
| (ബി) | ഓരോരുത്തരുടേയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | | |

**സെക്ഷൻ ഓഫീസർ**